## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 703** **28.02.2017-ൽ മറുപടിയ്ക്ക്**

# സഹകരണ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീ. കെ. രാജൻ**<br>**ശ്രീ. മുഹമ്മദ് മുഹസിൻ പി.** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | നോട്ട് അസാധുവാക്കൽ തീരുമാനം സഹകരണ മേഖലയെ എത്രത്തോളം പ്രതികൂലമായി ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ഒരാഴ്ചയിൽ 24,000/- രൂപ മാത്രമേ ഒരു അക്കൗണ്ടിൽ നിന്നും പിൻവലിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. സഹകരണ മേഖലയിലെ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തുച്ഛമായ ഈ തുക അപര്യാപ്തമായിരുന്നു. സാധുവായ കറൻസി ഉപയോഗിച്ച നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ വായ്പാ വിതരണവും, തിരിച്ചടവും, നിക്ഷേപവുമുൾപ്പെടെ ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ നടത്തുന്ന പ്രാഥമിക സംഘങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങി. പ്രാഥമിക സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നഷ്ടത്തിന് കാരണമായി. സഹകരണ മേഖലയെ ആശ്രയിക്കുന്ന ഗ്രാമീണ ജനതയുടെ ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ വന്നു. |
| (ബി) | സഹകരണ ബാങ്കുകളുടെ പ്രവർത്തനം മന്ദീഭവിച്ചത് മൂലം ഏതൊക്കെ തരത്തിലുള്ള ബുദ്ധിമുട്ടുകളാണ് ഉണ്ടായതെന്ന് വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രതിസന്ധി സഹകരണ മേഖലയെ ദുർബലപ്പെടുത്താതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (സി) | പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കേരള സർക്കാരിന്റെ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാക്കി. പ്രാഥമിക സഹകരണ സംഘത്തിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി. (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ പ്രാഥമിക സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുവാൻ അനുവദിച്ച് ഇടപാടുകൾ നടത്തുന്നതിന് നിർദേശം നൽകി. നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖലാ സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. നോട്ട് അസാധുവാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ അസൗകര്യം ലഘൂകരിക്കുന്നതിനായി 2017 മാർച്ച് 31 വരെ റവന്യൂ റിക്കവറി/ജപ്തി ഉൾപ്പെടെയുള്ള നിർബന്ധിത നടപടികൾക്ക് സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>2016-17 സാമ്പത്തിക വർഷം വായ്പ ക്രമപ്രകാരം തീർപ്പാക്കുന്ന ഇടപാടുകാർക്ക് പ്രസ്തുത സാമ്പത്തിക വർഷം തിരിച്ചടച്ച പലിശ തുകയുടെ 10% ഇളവ് അനുവദിക്കുകയും കുടിശ്ശിക വായ്പാകാർക്ക് ഇളവുകൾ നൽകുകയും ചെയ്യുന്ന "നവ കേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2017", നടപ്പാക്കുകയുണ്ടായി. ഇത് സഹകരണ മേഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ബാങ്കിടപാടുകൾ സാധ്യമാക്കുന്നതിനും ഉപകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ